**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1559** **04-07-2022 - ൽ മറുപടിയ്ക്ക്**

**വട്ടിയൂർക്കാവ് മണ്ഡലത്തിൽ മ്യൂസിയം വകുപ്പിന് കീഴിലുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ മ്യൂസിയം വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മ്യൂസിയം ആസ്ഥാനത്ത് രാജാ രവിവർമ്മ ആർട്ട് ഗ്യാലറി, രവിവർമ്മ ചിത്രങ്ങളുടെ സംരക്ഷണ പ്രവൃത്തികളുടെ രണ്ടാം ഘട്ടം എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു. രാജാ രവിവർമ്മ ആർട്ട് ഗ്യാലറിക്കുവേണ്ടിയുള്ള കെട്ടിട നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| (ബി) | 2019-20 മുതൽ 2022-23 വരെയുള്ള സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും മ്യൂസിയം വകുപ്പിന് കീഴിൽ നടപ്പിലാക്കേണ്ടതുമായ വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (ബി) | രാജാരവിവർമ്മ ആർട്ട് ഗ്യാലറിയാണ് വകുപ്പിന് കീഴിലുള്ള പദ്ധതി. ഇതിന്റെ നിർമ്മാണം ത്വരിതഗതിയിൽ നടന്നുവരുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിന് ശേഷം മ്യൂസിയം വകുപ്പിന് കീഴിൽ പൂർത്തീകരിച്ച പദ്ധതികളുടെ ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കൺസർവേഷൻ ലാബ്, നേപ്പിയർ മ്യൂസിയത്തിന് മുന്നിലായി സ്ഥാപിച്ചിട്ടുള്ള നൂറ് വർഷത്തിനു മുകളിൽ പഴക്കമുള്ള ഫൗണ്ടന്റെ നവീകരണം, ശ്രീചിത്ര എൻക്ലേവിന്റെ നവീകരണം എന്നിവയാണ് 2021 ഏപ്രിൽ മാസത്തിനു ശേഷം മ്യൂസിയം വകുപ്പിനു കീഴിൽ പൂർത്തിയാക്കിയ പദ്ധതികൾ. ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. |

| പദ്ധതിയുടെ പേര് | ഭരണാനുമതി തുക (രൂപ) | എസ്റ്റിമേറ്റ് തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| കൺസർവേഷൻ ലാബ് | 1,41,00,000 | 1,41,00,000 | 70,35,596 |
| ഫൗണ്ടന്റെ നവീകരണം | 25,80,621 | 25,80,621 | 23,12,359 |
| ശ്രീ ചിത്രാ എൻ ക്ലേവിന്റെ നവീകരണം | 67,47,412 | 67,47,412 | 53,99,562 |

സെക്ഷൻ ഓഫീസർ